**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517** | **09-11-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യ മേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയ ശേഷം സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത് പായ്ക്ക് ചെയ്ത് വിപണിയിൽ എത്തിക്കുന്നു. ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപ്പരം 'റെഡി ടു ഈറ്റ്' മത്സ്യവിഭവങ്ങൾ 'ഫിഷ് മെയ്ഡ്' എന്ന പേരിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഫിഷ് കട്‌ലറ്റ്, ഫിഷ് സമോസ, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിച്ചുവരുന്നു. മറ്റു വിവിധ മത്സ്യഉല്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിനു പുറമെ മത്സ്യത്തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകുന്ന വിവിധ ട്രെയിനിംഗ് പരിപാടികളും നടപ്പിലാക്കി വരുന്നു. തീരമൈത്രി |

| | | | |
|---|---|---|---|
| | | | സംരഭങ്ങളിലെ 145 മത്സ്യ സംസ്കരണ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്ക മത്സ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ സാഫ് ലഭ്യമാക്കി വരുന്നു. തീരമൈത്രി സംരഭകർ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പായ്ക്ക് ചെയ്ത് മാർക്കറ്റിൽ എത്തിക്കുന്നു. 'തീരമൈത്രി' ഗ്രൂപ്പുകളുടെ ഡ്രൈഫിഷ് അപ്പക്സ് ഫെഡറേഷനാണ് തീരമൈത്രി എന്ന പേരിൽ ഗുണനിലവാരം ഉറപ്പാക്കിയ ഉണക്കമത്സ്യം വിപണിയിൽ എത്തിക്കുന്നത്. ഓൺലൈൻ മാർക്കറ്റിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാൻഡിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യ വിപണന മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടിവെള്ളം, ശൗചാലയം, വിശ്രമ സൗകര്യങ്ങൾ, ശീതീകരണ, സംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായ 51 മത്സ്യമാർക്കറ്റുകളും സ്ത്രീ സൗഹൃദപരമായിട്ടാണ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത മത്സ്യമാർക്കറ്റുകളിലെല്ലാം ശുദ്ധമായ വെള്ളത്തിന്റെ ലഭ്യത, സ്ത്രീകൾക്ക് പ്രത്യേകമായ ശൗചാലയ സൗകര്യം , വിശ്രമ മുറികൾ, ശീതീകരണ, സംഭരണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് ബി.പി.എൽ. മാനദണ്ഡം അനുവദിക്കുവാൻ വേണ്ട ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും എ.പി.എൽ, ബിപിഎൽ വ്യത്യാസമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ